കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

Enail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി9)1314/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി: 18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-9, 3-17 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി9)1314/2017 തിയ്യതി:18.09.2017

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.11.2016 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2016-17 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.08.17 മുതൽ 7.08.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വി.ജി.തുളസീദാസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഹണി.കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.സദാന്ദൻ മാസ്റ്റർ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ. എ.ജെ.ബൈജു (സെക്രട്ടറി ഇൻ ചാർജ്ജ്) | 1.4.16 മുതൽ 21.12.16 വരെ |
| | ശ്രീ. സാബു.പി.വി | 22.12.16 മുതൽ 31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ലിറ്റി വർഗ്ഗീസ് | 1.4.16 മുതൽ 13.6.16 വരെ |
| | ജയശ്രീ. | 14.6.16 മുതൽ 17.10.16 വരെ |
| | സ്വാതി. പി.എസ് | 18.10.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പഴഞ്ഞി | ഡോ.ആഷിഖ്.എൻ.എ | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ (പഴഞ്ഞി) | ചിത്ര.സി.കെ | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ. ഒ (കാട്ടകാമ്പാൽ) | രഘുനാഥൻ. എ.വി | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കാഞ്ചനമാല | 1.4.16 മുതൽ 27.7.16 വരെ |
| | റസൽബിന്ദ്. കെ.എം | 28.7.16 മുതൽ 20.1.17 വരെ |
| | ആൻസി ജോസ് | 21.1.17 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജ്യോതി ശ്രീധരൻ | 1.4.16 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | എ.ജെ.ബൈജു | 1.4.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപകൻ | ഇ.എം. മുഹമ്മദ് അമീൻ | 1.4.16 മുതൽ 31.3.17 വരെ |
| അസി.എഞ്ചിനീയർ | ജ്യോതിരാജ്. പി.എസ് | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | ഡി & ഒ ലൈസൻസ് - അനുബന്ധ രേഖകൾ സമർപ്പിക്കുന്നില്ല. | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 14 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 2-3 |
| 15 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 23700/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല. | 2-4 |
| | ഭാഗം 3 | |
| 16 | വാഹന പരിപാലനം - ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 3-1 |
| 17 | തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-2 |
| 18 | ആദായ നികുതി ഈടാക്കിയില്ല. | 3-3 |
| 19 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ- യഥാസമയം നടപ്പാക്കാത്തതിനാൽ 4 ലക്ഷത്തോളം രൂപ നഷ്ടം. | 3-4 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 21 | തെരുവ് വിളക്കുകൾ-85W CFL മാറ്റി 45W CFL സ്ഥാപിക്കലും അറ്റകുറ്റപ്പണികളും-അപാകതകൾ | 3-6 |
| 22 | പ്ലാൻ ഫണ്ട് സർക്കാരിലേക്ക് തിരിച്ചടവാക്കിയില്ല. | 3-7 |
| 23 | പ്രൊഡക്ഷൻ ബോണസ് ഗുണഭോക്താക്കൾക്ക് വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു. | 3-8 |
| 24 | ലക്ഷങ്ങൾ ചെലവഴിച്ച് പണിത SC ഫ്ലാറ്റുകൾ ഉപയോഗപ്പെടുത്തുന്നില്ല | 3-9 |
| 25 | ആസ്തികൾ ആർജ്ജിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല | 3-10 |

| | | |
|---|---|---|
| 26 | മരുന്ന് ലഭ്യമായിട്ടില്ല. | 3-11 |
| 27 | ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-12 |
| 28 | നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-13 |
| 29 | സമ്പൂർണ്ണ ഭവനനിർമ്മാണം - പദ്ധതി അവലോകനം | 3-14 |
| 30 | ധനസഹായം തിരിച്ചുപിടിക്കേണ്ടതാണ് | 3-15 |
| 31 | അംഗൻവാടികളുടെ ഭൗതികസാഹചര്യം - അവലോകനം | 3-16 |
| 32 | ആസ്തി രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല. | 3-17 |
| 33 | മരാമത്ത് പ്രവൃത്തികൾ- അപാകതകൾ | 3-18 |
| 34 | പദ്ധതിപ്പണത്തിന്റെ 83% തുക മാർച്ച് മാസത്തിൽ ചെലവഴിക്കുന്നു | 3-19 |
| 35 | ക്രിമറ്റോറിയം -ചെലവുകൾ അധികരിക്കുന്നു | 3-20 |
| 36 | ക്രിമറ്റോറിയം- ചട്ടങ്ങൾ പാലിക്കുന്നില്ല | 3-21 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 42 | ഓഡിറ്റ് റിക്കവറി | 4.6 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 45 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2.3.16 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2016-17 വർഷത്തെ ബജറ്റ് 22.3.17 ലെ 1ാം നമ്പർ തീരുമാനപ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 124661758 രൂപയും ചെലവ് 123212562 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 14.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി - ഡി സി ബി പ്രകാരമുള്ള വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, റസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8532262 |
| വരവ് | 41458308 |
| ആകെ | 49990570 |
| ചെലവ് | 42005723 |
| നീക്കിയിരിപ്പ് | 7984847 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10944058 | 10944058 | 10783046 | 98.53 | 161012 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7026927 | 7026927 | 3346760 | 47.63 | 3680167 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 100 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6298788 | 6298788 | 2522634 | 40.05 | 3776154 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2956686 | 2956686 | 2401420 | 81.22 | 555266 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6137455 | 6137455 | 2233583 | 36.40 | 3903872 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3669868 | 3669868 | 1881292 | 51.27 | 1788576 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 61646088 | 58 | 32306412 | 41 | 47 | 39.73 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.27 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2801170 | 3891109 | 1089939 | (+)38.91 |
| നികുതിയേതര വരവുകൾ | 1279619 | 606513 | 673106 | (-)52.60 |
| മറ്റുവരവുകൾ | 291010 | 192243 | 98767 | (-)33.93 |
| ആകെ | 4371799 | 4689865 | 318066 | (+)7.27 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74880 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 2755600 | 280 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16272310 | 1412 |
| വാർദ്ധക്യകാലപെൻഷൻ | 17093025 | 1451 |
| വികലാംഗപെൻഷൻ | 2631075 | 284 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1630600 | 156 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.8.17 തിയതിയിൽ 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9185 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ടി തുക ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് .

3) ആസ്തി രജിസ്റ്റർ ആധികാരികമല്ല. തെറ്റായ വിവരങ്ങളാണ് ആസ്തി രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. ചേർത്ത വിവരങ്ങൾ പൂർണ്ണവുമല്ല. ആസ്തി രജിസ്റ്റർ ആധികാരികമാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.7.17 to 14.7.17 | 2017 ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.9.16 to 4.10.16 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അനുബന്ധ രേഖകൾ സമർപ്പിക്കുന്നില്ല.

ഡി & ഒ ലൈസൻസ് ലഭിക്കുന്നതിനും, പുതുക്കുന്നതിനുമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട താഴെപ്പറയുന്ന സാക്ഷ്യപത്രങ്ങൾ മുഴുവൻ ലഭ്യമാക്കുന്നില്ല.

1. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സാനിറ്ററി സർട്ടിഫിക്കറ്റ്.

2. നിയമ വിരുദ്ധമായ സാധനങ്ങളുടെ വിൽപന നടക്കുന്നില്ലായെന്ന സാക്ഷ്യപത്രം.

3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം.

ചിലതിൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളാണ് സമർപ്പിച്ചിരിക്കുന്നത് . ആയത് ചട്ടവിരുദ്ധമാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് താമസം നേരിടുന്നുണ്ടെങ്കിൽ അപേക്ഷ നല്കിയതിന്റെ വിശദ വിവരങ്ങളും മറ്റും ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പരാതിയോ, മറ്റോ ഉണ്ടാകുന്ന പക്ഷം വിവരാവകാശം വഴി ആവശ്യപ്പെടുന്ന രേഖകൾ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് നേരിടാൻ സാദ്ധ്യതയുണ്ട്. 5H.Pയിൽ കൂടുതൽ യന്ത്രശേഷിയുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം പറഞ്ഞിരിക്കുന്ന മേൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയശേഷം മാത്രമേ ലൈസൻസ് അനുവദിക്കാവൂ. ടികാര്യത്തിൽ ഉത്തരവാദിത്തപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ വേണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) 2016-17 സാമ്പത്തിക വർഷത്തിൽ ബി.എസ്.എൻ.എൽ ഓഫീസ്, പഴഞ്ഞി ഒന്നും രണ്ടും അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നടത്തിപ്പുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ടിയാന്റെ അർദ്ധവാർഷിക വരുമാന പത്രിക തയ്യാറാക്കി വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

ലാൻഡ് ഡവലപ്പ്മെന്റ് , പ്ലോട്ട് ഡിവിഷൻ എന്നിവയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വിഭാഗം 3.6.16 ലെ AE/KTKPL/ 16-17 കത്ത് മുഖേന, വാർഡ് 3 കിഴക്കുമുറി

റോഡിന്റെ കിഴക്കു വശത്തും , 11 ാം വാർഡിൽ മേലെ പട്ടിത്തടം റോഡിൽ നിന്നും വടക്ക് വശത്തേക്ക് പോകുന്ന റോഡിന്റെ കിഴക്ക് വശത്തായും ഭൂമി പ്ലോട്ടുകളായി തിരിക്കുന്നതായും റോഡ് ടാർ ചെയ്ത് വൻ തോതിൽ ഡെവലപ്പമെന്റ് വർക്കുകൾ നടക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാൻഡ് ഡവലപ്പ്മെന്റ് , പ്ലോട്ട് ഡിവിഷൻ എന്നിവയ്ക്കുള്ള അനുമതി വാങ്ങുന്നതിന് ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും അല്ലാത്തപക്ഷം പെർമിറ്റ് / കംപ്ലീഷൻ നൽകാൻ സാധിക്കില്ല എന്നും ഉടമസ്ഥനെ അറിയിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് എൽ.ഡി ക്ലാർക്കുമാർ അന്വേഷിച്ചതിൽ ഡെവലപ്പമെന്റ് വർക്കുകൾ നടക്കുന്നതായി അറിയിച്ചിട്ടുണ്ട്. എ.ഇ യുടെ റിപ്പോർട്ടിന്റെയും ആയതിന്മേലുള്ള അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ഉടമസ്ഥർക്കെതിരെ നോട്ടീസ് നൽകിയതായി കാണുന്നില്ല.

റിപ്പോർട്ടിൽ പരാമർശിച്ച വാർഡ് 3 ലെ ഭൂമിയുടെ ഉടമസ്ഥന്റെ വിവരങ്ങളോ ടിയാനെതിരെ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളോ ലഭ്യമല്ല. പ്ലോട്ട് ഡിവിഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തേണ്ടതും, അപ്രകാരം കണ്ടെത്തിയാൽ ആയതിന്മേൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

വാർഡ് 11 ലെ സ്ഥല ഉടമ (റീ സർവ്വെ നം. 4517, 0.8394 ഹെക്ടർ) ശ്രീമതി. കുഞ്ഞീറ്റി ചീരൻ ഹൗസ്, പഴഞ്ഞി, എന്നവർ പ്ലോട്ട് ഡിവിഷനുള്ള അപേക്ഷ സമർപ്പിക്കുകയും അസി. എഞ്ചിനീയർ സൈറ്റും പ്ലാനും പരിശോധിച്ച് റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയുമുണ്ടായി എന്നാൽ ഉടമയുടെ ഭാഗത്തു നിന്നും യാതൊരു തുടർനടപടിയും ഉണ്ടായതായി കാണുന്നില്ല എന്നുമാത്രമല്ല ഈ ഭൂമിയിൽ നിന്നും 10 ആർ 73 ച.മീറ്റർ ഭൂമി പേങ്ങാട്ടയിൽ കുഞ്ഞുമോൻ മകൻ നസീർ , പഴഞ്ഞി എന്നവർക്ക് കൈമാറിയതായും കാണുന്നു. ടിയാൻ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുകയും ഡവലപ്പ്മെന്റ് പെർമിറ്റ് ആവശ്യമായ സ്ഥലത്താണ് നിർമ്മാണ പ്രവൃത്തികൾ നടത്താനുദ്ദേശിക്കുന്നതെന്നും ആയതിന് ഡവലപ്പ്മെന്റ് പെർമിറ്റ് ഹാജരാക്കുവാനും ആവശ്യപ്പെടുകയുണ്ടായി ഡവലപ്പ്മെന്റ് പെർമിറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടില്ല. ഇതിനെതിരെ ടിയാൻ WP(c)22090/17 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. കേസ്സിന്റെ പുരോഗതി വിവരവും, ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കുന്നതിനുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ച വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## **2-4** <u>ഇ-ടെണ്ടർ - ടെണ്ടർ ഫോം വില **23700/-** രൂപ പഞ്ചായത്തിന് ലഭ്യമായില്ല.</u>

2015-16 വർഷം ടെണ്ടർ ചെയ്ത 8 പ്രവൃത്തികളിലും, 2016-17 വർഷം ടെണ്ടർ ചെയ്ത 1 പ്രവൃത്തിയിലുമായി കരാറുകാരിൽനിന്നും ടെണ്ടർ ഫോം വിലയിനത്തിൽ ഈടാക്കിയ തുകയിൽ വാറ്റ് കുറവാക്കി ബാക്കി 23700/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹന പരിപാലനം - ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL 48 D/2208 ബൊലോറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഇനം മുതലായവ ലോഗ് ബുക്കിൽ

രേഖപ്പെടുത്തിയിട്ടില്ല.

3. പ്രതിമാസ സംക്ഷിപ്തം,ഇന്ധനം നിറക്കുന്നത് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ, ചാലക്കുടിയുടെ 22.02.2017 തിയ്യതിയിലെ ഇന്ധനക്ഷമതാ സാക്ഷ്യപത്ര പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ ശീതീകരണം സഹിതം 11 കിലോമീറ്റർ, ശീതീകരണം ഇല്ലാതെ 13 കിലോമീറ്ററുമാണ്. എന്നാൽ ഇന്ധനക്ഷമതാ പരിശോധനയ്ക്ക് ശേഷം ഇന്ധനക്ഷമതയിൽ കുറവ് വരുന്നതായി കാണുന്നു. ആവശ്യമെങ്കിൽ പരിശോധിച്ച് പുനർനിർണ്ണയം നടത്തേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല

1. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 16-17 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 981732 രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തിക്കുന്ന എണ്ണത്തിനും ഇനത്തിനും തന്നെയാണോ ചാർജ്ജ് അടവാക്കുന്നത് എന്നത് വ്യക്തമല്ല. കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരം നിലവിൽ 40 വാട്സിന്റെ ഓർഡിനറി ബൾബുകൾ 47 എണ്ണം ഉള്ളതായാണ് കാണുന്നത്. പഞ്ചായത്തുകൾ എല്ലാം തന്നെ വർഷങ്ങൾക്ക് മുൻപെ സാധാരണ ബൾബുകൾക്ക് പകരം സി.എഫ്.എൽ ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. ആയതിനാൽ സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിലും എണ്ണത്തിലും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ തെരുവു വിളക്കുകളുടെ എണ്ണം ,ഇനം, വാട്സ് എന്നിവ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.ആയതിനാൽ നിലവിലുള്ള എണ്ണത്തിനു തന്നെയാണോ റിപ്പയർ നടത്തുന്നത് എന്നതും പരിശോധിക്കുക സാധ്യമല്ലാതാകുന്നു. രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിൽ 304 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കി വരുന്നത്. 16-17 വർഷത്തിൽ ഈ ഇനത്തിൽ 1596000 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ 3/17ലെ വാട്ടർ അതോറിറ്റിയുടെ ഇൻവോയ്സ് പ്രകാരം 26212 രൂപ കുടിശ്ശികയും 430 രൂപ ഫൈനും ഉള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത്

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, പ്രവർത്തിക്കുന്ന എണ്ണത്തിനു തന്നെയാണ് വെള്ളക്കരം അടവാക്കുന്നത് എന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

രജിസ്റ്റർ തയ്യാറാക്കേണ്ടത് സംബന്ധിച്ചും സംയുക്ത പരിശോധന നടത്തേണ്ടത് സംബന്ധിച്ചും മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെല്ലാം തന്നെ പരാമർശങ്ങൾ നിലനിൽക്കെ ആയതിന്മേൽ നടപടിയെടുക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം. 12/5.8.17) വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ആദായ നികുതി ഈടാക്കിയില്ല.

2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ആദായനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവ് തുക | ചെലവ് വിവരം | ഈടാക്കേണ്ട ആദായനികുതി |
|---|---|---|---|---|
| 1 | പ്രോ.നം. 147/17- ക്രിമറ്റോറിയം AMC | 131250/- | 1)vr.no.21600238/16-7-16 Rs.43750/-<br>2)vr.no.21600523/18-11-16 Rs.43750/-<br>3)21600915/31-3-17 Rs.43750/- | 2% ie, Rs.2625/- |
| 2 | പ്രോ.നം. 66/17- തെരുവ് വിളക്ക് റിപ്പയർ | 194300/- | ട്രഷറി ബിൽ നം.26/4-3-17 | 1% ie, Rs.1943/- |
| | ആകെ | | | 4568/- |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ആദായനികുതി ഈടാക്കി അടവാക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ- യഥാസമയം നടപ്പാക്കാത്തതിനാൽ 4 ലക്ഷത്തോളം രൂപ നഷ്ടം.

2016-17 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (പ്രോ.നം.149/17) എന്ന പദ്ധതിക്കായി KSEB പഴഞ്ഞി സെക്ഷനിൽ 788100/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ 2012-13 വർഷത്തിൽ കേരളത്തിലെ മിക്ക പഞ്ചായത്തുകളും KSEB യുടെ സഹകരണത്തോടെ നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ KSEB തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ പകുതി തുക മാത്രം പഞ്ചായത്തുകൾ അടവാക്കിയാൽ മതിയായിരുന്നു. 2012-13 വർഷം വികസന ഫണ്ടിൽ (ജനറൽ) മാത്രം

9.30 ലക്ഷം രൂപ ബാക്കിയുണ്ടായിട്ടും പ്രസ്തുത പദ്ധതി നടപ്പാക്കിയില്ല. എന്നാൽ 2016-17 വർഷത്തിൽ പദ്ധതി നടപ്പാക്കിയപ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കേണ്ടിവന്നു. ഇപ്രകാരം യഥാസമയം പദ്ധതി നടപ്പാക്കാത്തതിനാൽ 394050/-(788100/2=394050) രൂപയുടെ നഷ്ടം സംഭവിച്ചു. പൊതു പണം ചെലവഴിക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1)സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്കായി 2016-17 വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകകളുടെ വിനിയോഗ വിവരം ഇനിയും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക | ചെലവ് വിവരം | നിർവ്വഹണ ഏജൻസി | മറ്റ് വിവരം |
|---|---|---|---|---|---|
| 1. | പ്രോ.നം.156/17-നടുമുറി കുടിവെള്ള പദ്ധതി | 100000/- | ട്രഷറി ബിൽ നം. 25/4-3-17 | GWD, Thrissur | A/C No. 713011400000047 |
| 2. | നം.3/17-39ാം നം അംഗൻവാടിക്ക് പൈപ്പ് ലൈൻ നീട്ടൽ | 75000/- | ട്രഷറി ബിൽ നം. 43/31-3-17 | KWA, Thrissur | A/C No. 31733094112 |
| 3. | SC ഫ്ലാറ്റ് കുടിവെള്ള പദ്ധതി | 130000/- | Pay Order Che.No. 210398/3-3-17 | KWA, Thrissur | |
| 4. | 149/17-തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 788100/- | ട്രഷറി ബിൽ നം.18/20-2-17 | KSEB, Pazhanji. | A/C No. 0717201000430 |
| | ആകെ | 1093100/- | | | |

2)അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക | ചെലവ് വിവരം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1. | പ്രോ.നം.147/17-പെങ്ങാമുക്ക് നടുമുറി SC കോളനി കുടിവെള്ള പദ്ധതി | 5,00,000 | ട്രഷറി ബിൽ നം. 6/4-3-17 | GWD, Thrissur |
| 2. | നം.146/17ആത്രശ്ശേരി SC കോളനി കുടിവെള്ള പദ്ധതി | 5,50,000 | ട്രഷറി ബിൽ നം. 5/4-3-17 | GWD, Thrissur |

| | | | | |
|---|---|---|---|---|
| | ആകെ | 10,50,000 | | |

## 3-6 തെരുവ് വിളക്കുകൾ-85W CFL മാറ്റി 45W CFL സ്ഥാപിക്കലും അറ്റകുറ്റപ്പണികളും-അപാകതകൾ

പഞ്ചായത്തിൽ നിലവിലുള്ള 85W CFL, double tube, single tube, ordinary bulb എന്നിവ മാറ്റി 45W CFL സ്ഥാപിച്ചതിനായി കരാറുകാരനായ ശ്രീ അബ്ദുൽ ജലീൽ എന്നയാൾക്ക് 194300/- രൂപ നല്കിയിട്ടുണ്ട് (ട്രഷറിബിൽ നം. 26/4-3-17). മേൽ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2014-15 വർഷത്തിൽ 962850/- രൂപ (85W CFL സ്ഥാപിക്കുന്നതിന് 900000/- രൂപയും, സൂപ്പർ വിഷൻ ചാർജ്ജ് 62850/-രൂപയും) ചെലവഴിച്ചാണ് 85W CFL സ്ഥാപിച്ചത്. ഇവയാണ് വൈദ്യുതി ചാർജ്ജ് കൂടുതലായി വരുന്നതെന്ന കാരണത്താൽ ഇപ്പോൾ മാറ്റി സ്ഥാപിക്കുന്നത്.

2) ടെണ്ടർ നോട്ടീസ്, കരാർ എന്നിവ പ്രകാരം തുക അനുവദിക്കുന്നതിന് CFL മാറ്റി സ്ഥാപിച്ചതിന് KSEB യുടെ സാക്ഷ്യപത്രം, പഴയ സാധനങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇവയൊന്നും ഫയലിൽ ലഭ്യമല്ല.

വേണ്ടത്ര പഠനം നടത്താതെ 2014-15 വർഷത്തിൽ പദ്ധതി നടപ്പാക്കിയതിനാലാണ് ഇപ്പോൾ ലൈറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടി വന്നത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ക്രമ നം.(2) ൽ ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 പ്ലാൻ ഫണ്ട് സർക്കാരിലേക്ക് തിരിച്ചടവാക്കിയില്ല.

വിവിധ പദ്ധതികൾക്കായി മുൻകാലങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികൾക്കായി കൈമാറിയിരുന്ന പ്ലാൻ ഫണ്ടിൽ ബാക്കി തുക തിരിച്ച് കിട്ടിയിരുന്നു. എന്നാൽ ഈ തുകകൾ പ്ലാൻ ഫണ്ടിൽ തിരിച്ചടവാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | തിരിച്ച് കിട്ടിയ തുക | ചെക്ക് /ഡി.ഡി.നം. |
|---|---|---|---|
| 1. | കരിമ്പന പട്ടികജാതി കുടിവെള്ള പദ്ധതി-GWD, Thrissur. | 21430/- | ചെക്ക് നം. 56861/7.7.16 |
| 2. | നായാടി കോളനി ബോർവെൽ നിർമ്മാണം-GWD, Thrissur | 9156/- | ചെക്ക് നം 1801512/11-8-16 |

| | | | |
|---|---|---|---|
| 3. | അരുവായ് കുടിവെള്ള പദ്ധതി | 57365/-* | Che.No.1248413/12-3-15 |

* 2014-15 വർഷത്തെ മേൽ പദ്ധതിയുടെ അടങ്കൽ 291500/- രൂപയായിരുന്നു (ജില്ലാ പഞ്ചായത്ത് വിഹിതം-262350/- + ഗുണ. വിഹിതം- 29150/-). ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച 262350/- രൂപയിൽ 250000/- രൂപ GWD, Thrissur ൽ അടവാക്കി. എന്നാൽ പ്രസ്തുത പദ്ധതിക്ക് ആകെ 227762/- രൂപയാണ് ചെലവായത്. ബാക്കി തുകയായ 22238/- രൂപ മേൽ ചെക്ക് പ്രകാരം തിരികെ ലഭിച്ചിരുന്നു. ഇതുകൂടാതെ ഗുണഭോക്തൃവിഹിതമായി മേൽ പദ്ധതിക്കായി പഞ്ചായത്തിൽ 25000/- രൂപ ( Rt. No.B1374830/30-1-15) അടവാക്കിയിരുന്നു. ഈ സാഹചര്യത്തിൽ GWD യിൽ നിന്നും തിരികെ ലഭിച്ച 22238/- രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത 12350/- രൂപയും, 10% തുകയായ 22777/- രൂപയും ചേർത്ത് ആകെ 57365/- രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-8 പ്രൊഡക്ഷൻ ബോണസ് ഗുണഭോക്താക്കൾക്ക് വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

2016-17 വർഷത്തിൽ പ്രൊഡക്ഷൻ ബോണസ് ഇനത്തിൽ ലഭിച്ച 519196/-രൂപ ട്രഷറി ബിൽ നം 41/31-3-17 പ്രകാരം മാറി കൃഷി ഓഫിസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായി പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ല. ട്രഷറി അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക കൈമാറുന്നതിനുള്ള സാങ്കേതിക തടസ്സം മൂലമാണ് തുക കൈമാറാൻ കാലതാമസം വരുന്നതെന്നും, എത്രയും വേഗം തുക വിതരണം നടത്തുമെന്നും കൃഷി ഓഫിസർ അറിയിച്ചിട്ടുണ്ട്.(TSB അക്കൗണ്ട് നം. 713091400000021 തീയതി 31.03.17)

## 3-9 ലക്ഷങ്ങൾ ചെലവഴിച്ച് പണിത SC ഫ്ലാറ്റുകൾ ഉപയോഗപ്പെടുത്തുന്നില്ല.

2014-15 വർഷത്തിൽ 2417184/- രൂപ ചെലവഴിച്ച് പഞ്ചായത്ത് നിർമ്മിച്ച 4 ഫ്ലാറ്റുകളും, 2016-17 വർഷത്തിൽ ഏകദേശം 74 ലക്ഷം രൂപ ചെലവിൽ ജില്ലാ പഞ്ചായത്ത് നിർമ്മാണം പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറിയ 7 ഫ്ലാറ്റുകളും ഉൾപ്പെടെ ആകെ 11 ഫ്ലാറ്റുകളിൽ ഒന്നിൽ മാത്രമേ ആൾ താമസമുള്ളൂ. ബാക്കിയുള്ളവ ഒഴിഞ്ഞ് കിടക്കുകയാണ്. ഇവ കൂടാതെ ഇപ്പോൾ പഞ്ചായത്ത് പണിതു കൊണ്ടിരിക്കുന്ന 4 ഫ്ലാറ്റുകളുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് നാളിതുവരെയായി 14,73,906/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ എത്രയും വേഗം ഗുണഭോക്താക്കളെ കണ്ടെത്തി അനുവദിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

നിലവിൽ ഒന്നിൽ മാത്രമേ ആൾ താമസമുള്ളുവെങ്കിലും മറ്റ് 3 എണ്ണത്തിലേക്ക് കൂടി ഗുണഭോക്താക്കളുമായികരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും, ആകെ 4 പേരിൽ നിന്നായി 120000/-

(4x30000) രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും കാണുന്നു. വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ മേൽ തുക ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയതുമായി ബന്ധപ്പെട്ട് കരാറിൽ വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, എന്തടിസ്ഥാനത്തിലാണ് തുക ഈടാക്കുന്നതെന്നും വ്യക്തമല്ല. ഇതിനുവേണ്ടി പ്രത്യേകം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയതായും കാണുന്നില്ല.

## 3-10 ആസ്തികൾ ആർജ്ജിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

പഞ്ചായത്ത് മാർക്കറ്റിനായും ക്ഷീര സംഘത്തിനായും വർഷങ്ങൾക്ക് മുൻപ് വാങ്ങിയ സ്ഥലം ഒരു പാടശേഖരത്തിന് നടുവിലായാണ് സ്ഥിതിചെയ്യുന്നത്. 7/8/17 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ പാടശേഖരം മുഴുവനായും വെള്ളത്തിൽ മൂടി കിടക്കുന്നതായി കാണപ്പെട്ടു. മാത്രമല്ല, ഈ സ്ഥലം നികത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നും അനുമതിയും ലഭ്യമായിട്ടില്ല. ഇത്തരത്തിൽ കൃത്യമായ ആസൂത്രണമില്ലാതെ പൊതുപണം ചെലവഴിക്കുന്നത് ദുർവ്യയമായി കണക്കാക്കേണ്ടതാണ്.

## 3-11 മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നടപ്പാക്കിയ സാന്ത്വനപരിചരണം (78/17)പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന് തുക നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

| ബിൽ നം | തുക | വിവരം |
|---|---|---|
| 3/16-17/31.3.17 | 155000 | 103000 രൂപ KMSCL ന് നൽകി |
| 1849441/30.3.17 (ബ്ലോക്ക് ഫണ്ട്) | 100000 | KMSCL ന് നൽകി |

തീർത്തും ശയ്യാവലംബികളായ രോഗികളുടെ ആവശ്യത്തിനായി മരുന്നുകൾ യഥാസമയം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഫണ്ട് ചെലവഴിച്ചിട്ടില്ല

സാന്ത്വനപരിചരണം പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

രസീതി നം.11601600006/28.3.17 പ്രകാരം ഒരു ലക്ഷം രൂപ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെങ്കിലും ആയത് മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറാത്ത തുക ജില്ലാ പഞ്ചായത്തിലേക്ക്/സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-13 നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

2008-09, 2009-10 വർഷങ്ങളിൽ ആരംഭിച്ച ഭവനനിർമ്മാണം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| വർഷം | പദ്ധതി | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 2008-09 | ഭവനനിർമ്മാണം(SCവനിത) | ജാനകി,കൈതവളപ്പിൽ | 65000 |
| 2009-10 | ഭവനനിർമ്മാണം(SCവനിത) | പ്രിയ സുനിൽകുമാർ,കുറുപ്പത്ത് | 65000 |

രണ്ടുഗുണഭോക്താക്കളും പ്രവൃത്തി പൂർത്തിയാക്കി അവസാനഗഡു 10000 രൂപ കൈപ്പറ്റിയിട്ടില്ല.ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 3-14 സമ്പൂർണ്ണഭവനനിർമ്മാണം - പദ്ധതി അവലോകനം

പഞ്ചായത്ത് 2015-16വർഷം മുതൽ നടപ്പാക്കുന്ന വായ്പാബന്ധിത ഭവനനിർമ്മാണ പദ്ധതിയാണ് സമ്പൂർണ്ണഭവന നിർമ്മാണം. വിഇഒ ഈ പദ്ധതി നടപ്പാക്കേണ്ടത് ജില്ലാസഹകരണബാങ്ക് കാട്ടുകാമ്പാൽ ശാഖയുടെ സഹായത്തോടെയാണ്. 11%പലിശ നിരക്കിൽ 98 പേർക്കായി 1,96,00,000രൂപ വായ്പ ലഭ്യമാക്കുന്നു. വായ്പ തിരിച്ചടവ് സെക്രട്ടറി നടത്തുന്നു. 92 ഗുണഭോക്താക്കൾ കരാർ വച്ച് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളുംപ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നൽകിയ ഗഡുക്കൾ | എണ്ണം | നാളിതുവരെ ചെലവ് | ബാക്കിനൽകേണ്ട തുക |
|---|---|---|---|
| ജനറൽ | | | |
| 5ഗഡുവാങ്ങി പ്രവൃത്തി പൂർത്തിയാക്കിയവർ | 62 | 12400000 | Nil |
| 4 ഗഡുവാങ്ങിയവർ | 12 | 216000 | 240000 |
| 3 ഗഡുവാങ്ങിയവർ | 4 | 560000 | 240000 |
| 1 ഗഡുവാങ്ങിയവർ | 2 | 40000 | 360000 |
| വനിതകൾ | | | |
| 5 ഗഡുവാങ്ങി പ്രവൃത്തി പൂർത്തിയാക്കിയവർ | 9 | 180000 | Nil |
| 4 ഗഡുവാങ്ങിയവർ | 2 | 360000 | 40000 |
| 3 ഗഡുവാങ്ങിയവർ | 1 | 140000 | 60000 |

| | | | |
|---|---|---|---|
| ആകെ | 92 | 17460000 | 940000 |

ഭവനനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ധനസഹായം തിരിച്ചുപിടിക്കേണ്ടതാണ്

വി.ഇ.ഒ നടപ്പാക്കുന്ന വായ്പാബന്ധിതഭവനനിർമ്മാണപദ്ധതിയാണ് സമ്പൂർണ്ണഭവനനിർമ്മാണപദ്ധതി(S07/17).ഈ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീധരൻ,കുനിയത്ത് എന്ന വ്യക്തി 3/10/2015 ന് ധനസഹായത്തിന്റെ ആദ്യഗഡു 20000രൂപ കൈപ്പറ്റി. പിന്നീട് വീട് നിർമ്മിക്കുന്ന വസ്തു സംബന്ധമായി ബഹു.ചാവക്കാട് കോടതി,ബഹു.കേരള ഹൈക്കോടതി എന്നിവിടങ്ങളിൽ പഞ്ചായത്ത് എതിർകക്ഷിയായി കേസ് ഉണ്ടായതിനാൽ പിന്നീടുള്ള ഗഡുക്കൾ നൽകിയില്ല. ഭവനനിർമ്മാണം നടത്തുന്ന വസ്തു പൂർണ്ണമായും ഗുണഭോക്താവിന്റെ ആണെന്ന് ഉറപ്പുവരുത്താനാവാത്ത സാഹചര്യത്തിൽ നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

## 3-16 അംഗൻവാടികളുടെ ഭൗതികസാഹചര്യം - അവലോകനം

പഞ്ചായത്തിൽ ആകെ 26 അംഗൻവാടികളാണ് ഉള്ളത്.

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം ഗ്രാമ പഞ്ചായത്തിലെ അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.എന്നാൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് 2016-17 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

മറ്റുവിവരങ്ങൾ

| | |
|---|---|
| സ്വന്തം കെട്ടിടമുള്ളവ | 12 |
| വാടകക്ക് പ്രവർത്തിക്കുന്നവ | 12 |
| വാടകേതരകെട്ടിടത്തിലുള്ളവ | 2 |
| ചുറ്റുമതിലുള്ളവ | 11 |
| വാട്ടർ കണക്ഷൻ ഉള്ളത് | 2 |
| ശൗചാലയങ്ങൾ ഉള്ളത് | 25 |

പഞ്ചായത്തിലെ ഒരു അംഗൻവാടി ശീതികരിച്ചതാണ്. 2 എണ്ണത്തിന് പുതിയ കെട്ടിടം പൂർത്തിയായിട്ടുണ്ടെന്നും 4 അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാണെന്നും ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ചില അംഗൻവാടികളുടെ കെട്ടിടം, ചുറ്റുമതിൽ നിർമ്മാണം വസ്തു തർക്കത്തിൽ തടസ്സപ്പെട്ടിരിക്കുകയാണ്. അംഗൻവാടികളുടെ സ്ഥലം കൃത്യമായി അളന്നുതിരിച്ച് ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്. ലഭ്യമായ സ്ഥലങ്ങൾ മുഴുവനായും പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയതിന് ശേഷം മാത്രം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. (അംഗൻവാടി നം.39)

അംഗൻവാടികൾക്കായി അനുവദിച്ച കേന്ദ്രഫണ്ടിൽ 349239രൂപ ബാക്കിയുണ്ട്.ഈ തുക വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ആസ്തി രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ അപൂർണ്ണവും നിരവധി തെറ്റുകൾ നിറഞ്ഞതുമാണ്. അടിസ്ഥാന

രേഖയായ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് യാതൊരു ആധികാരികതയുമില്ല. പഞ്ചായത്തിൽ 2014-15 വരെയുണ്ടായിരുന്ന ആസ്തി രജിസ്റ്ററിലെ നിരവധി ആസ്തികൾ ഇപ്പോഴുള്ള ആസ്തി രജിസ്റ്ററിൽ ഇല്ല. എന്നാൽ ഇവ ഒഴിവാക്കപ്പെട്ടത് എന്തടിസ്ഥാനത്തിലാണെന്നത് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ചില ആസ്തികൾ ഇരട്ടിപ്പ് വന്നതിനാൽ ഒഴിവാക്കിയതായും, ചില ആസ്തികൾ പുതിയ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നു മാത്രമാണ് അറിയിച്ചത്. മാത്രമല്ല, ആസ്തി രജിസ്റ്റർ അപൂർണ്ണമാണെന്ന് സമ്മതിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ വിദഗ്ധരുടെ സഹായത്തോടെ ആസ്തി രജിസ്റ്റർ ആധികാരികമാക്കാൻ അധികൃതരുടെ ശ്രദ്ധ പതിയേണ്ടതാണ്.

# 3-18 <u>മരാമത്ത് പ്രവൃത്തികൾ- അപാകതകൾ</u>

2016-17 വർഷത്തേക്കായി ആവിഷ്കരിച്ച 65 പദ്ധതികളിൽ കേവലം 30 പദ്ധതികൾ മാത്രമാണ് നടപ്പാക്കാനായത്. ഇതിൽതന്നെ 2014-15 വർഷം തുടങ്ങിയ എസ്.സി. ഫ്ലാറ്റ് നിർമ്മാണം (പ്രോ.നം.23/17) എന്ന പ്രവൃത്തി ഇനിയും പൂർത്തീകരിക്കാനായില്ല. പ്രവൃത്തികൾ വർഷങ്ങൾ നീണ്ട് പോകുമ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരികയും പ്രവൃത്തികളിൽ മാറ്റം വരുത്തേണ്ടിയും വരും. ഇത് അധിക ചെലവ് ഉണ്ടാക്കുന്നു.

2014-15 വർഷത്തിൽ തുടങ്ങിയതും, 2016-17 വർഷത്തിൽ 1150000/- രൂപ വകയിരുത്തി സ്പിൽ ഓവറായി ഉൾപ്പെട്ടിരുന്നതുമായ എസ്. സി. ഫ്ലാറ്റ് നിർമ്മാണം എന്ന പ്രവൃത്തി നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്. എന്നാൽ 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. തുടർ ചെലവുകൾ നടത്തുന്നതിനായി മേൽ പദ്ധതിക്ക് അംഗീകാരം നേടേണ്ടതാണ്.

# 3-19 <u>പദ്ധതിപണത്തിന്റെ 83% തുക മാർച്ച് മാസത്തിൽ ചെലവഴിക്കുന്നു.</u>

2016-17 വർഷത്തിൽ മരാമത്ത് പ്രവൃത്തികളുടെ ആകെ ചെലവ് 8350197/-രൂപയാണ്. അസി. എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 3/2017 ൽ മാത്രം പിൻവലിച്ച തുക 6917352/-രൂപയാണ്. ഇത് ആകെ പിൻവലിച്ച തുകയുടെ 83 ശതമാനത്തിലധികം വരും. 2/6/12-ലെ സർക്കുലർ നം.31/12/fin പ്രകാരം പദ്ധതി ചെലവിന്റെ 10% തുക ആദ്യ പാദത്തിലും, 30% തുക രണ്ടാം പാദത്തിലും, 60% തുക മൂന്നാം പാദത്തിലും, ബാക്കി വരുന്ന 40% തുക മാത്രമാണ് അവസാനപാദത്തിൽ ചെലവഴിക്കേണ്ടത്. മാർച്ച് മാസത്തെ അവസാന ദിനങ്ങളിൽ പദ്ധതിപ്പണം ധൃതി പിടിച്ച് ചെലവഴിക്കാൻ ശ്രമിക്കുമ്പോൾ നിരവധി അപാകതകളും വന്നുചേരുന്നു. പദ്ധതിപ്പണം മുഴുവനായി പിൻവലിക്കുകയും അതേ സമയം പല പദ്ധതികളിലും ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ടുന്നതായും കാണുന്നു. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലും വീഴ്ചകൾ സംഭവിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-20 <u>ക്രിമറ്റോറിയം -ചെലവുകൾ അധികരിക്കുന്നു.</u>

പഞ്ചായത്തിൽ നിലവിൽ രണ്ട് ശ്മശാനങ്ങൾ ഉണ്ട്. ഇതിൽ ഒന്നിൽ ഒരു ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തിക്കുന്നു. ഇത് 3846022/- രൂപ ചെലവഴിച്ച് കോസ്റ്റ് ഫോർഡ് 2014-15 വർഷം പണിതതാണ്. ഈ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

<u>വരവ്.</u>

146000/-( വാർഷിക കണക്ക് പ്രകാരം)

ചെലവ്

AMC - 131250

wages - 73600

gas - 95932

electricity charges-90289

Total - 391071/-

ഒരു ശവം ദഹിപ്പിക്കുന്നതിനായി 2015-16 വരെ 4000/- രൂപയാണ് ഈടാക്കിയിരുന്നത്. തുടർന്ന് 30/5/16 ലെ 3(1) നമ്പർ തീരുമാനപ്രകാരം ഇത് 2000/- രൂപയായി കുറച്ചു. ക്രിമറ്റോറിയത്തിനായി ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി അംഗീകാരം ലഭിച്ചതായി കാണുന്നില്ല. ബൈലോക്ക് അംഗീകാരം വാങ്ങേണ്ടതും, ക്രിമറ്റോറിയം ഭാവിയിൽ ഒരു ബാധ്യതയായി മാറാത്തവിധം യുക്തിസഹമായ നിരക്ക് നിശ്ചയിക്കേണ്ടതുമാണ്.

## 3-21 ക്രിമറ്റോറിയം- ചട്ടങ്ങൾ പാലിക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിലവിലുള്ള ഒരു ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ പുതിയ ശ്മശാനമായി കണക്കാക്കണമെന്ന് പറയുന്നു. ആയതിനാൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചപ്പോൾ പ്രസ്തുത ചട്ടം 3(2) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിട്ടില്ല. മേൽ അനുമതി എത്രയും വേഗം ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 130000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 130000 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 262350 | അരുവായ് കുടിവെള്ള പദ്ധതി | 240112 | 22238 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 180000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 165025 | 14975 |

## 4-2. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ആതൃശ്ശേരി കുടിവെള്ള പദ്ധതി സർവ്വേയ്ക്ക് പണമടയ്ക്കൽ | 21600659/12.1.17 | 5250 | -- | 5250 |
| കേരള വാട്ടർ അതോറിറ്റി | 3/17 പൈപ്പ് ലൈൻ നീട്ടൽ | 21600917/31.3.17 | 75000 | - | 75000 |
| കെ.എസ്.ഇ.ബി | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21600747/20.2.17 | 788100 | – | 788100 |
| കേരള ഗ്രൗണ്ട് വാട്ടർ | ആതൃശ്ശേരി കുടിവെള്ള പദ്ധതി | 21600789/7.3.17 | 550000 | - | 550000 |
| കേരള ഗ്രൗണ്ട് വാട്ടർ | പെങ്ങാമുക്ക് നട്ടുമുറി കോളനി കുടിവെള്ള പദ്ധതി | 21600790/7.3.17 | 500000 | - | 500000 |
| കേരള ഗ്രൗണ്ട് വാട്ടർ | പെങ്ങാമുക്ക് നട്ടുമുറി കോളനി കുടിവെള്ള | 21600812/7.3.17 | 100000 | - | 100000 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി കുഴൽക്കിണർ നിർമ്മാണം | | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | സ.ഉ നം. 175/ജിബി1 /15/തസ്വഭവ വകുപ്പ് 19.8.15 | 16880000 (10560000+6320000) | 9627124 | 2104820 | 1185816 | 13970293 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41458308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42005723 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2143100 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(1) | 1093100 | സാബു.പി.വി, സെക്രട്ടറി |
| 3-5(2) | 1050000 | എ.ജെ.ബൈജു, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1750 | എ.ജെ.ബൈജു, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 2818 | സാബു.പി.വി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |

| | |
|---|---|
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02( പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. |

| | |
|---|---|
| | 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 -1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -2051/16,7.12.16/17.1.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി9)1314/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 18.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P9)1314/2017

Kerala State Audit Department.

District Audit Office,

Thrissur – 680020
Ph: 0487 2331249
email: dotsr.ksad@keralagov.in

Dated: 18.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kattakampal Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Kattakampal Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur